ഫിലിം ജേർണലിസ്റ്റുകളുടെ പെൻഷൻ

45 (T5723) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിലിം ജേർണലിസ്റ്റുകൾക്ക് പെൻഷൻ നൽകുന്നതിന് എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലായെങ്കിൽ ഇക്കാര്യം പരിഗണനയിലെടുക്കുമോ ;

(സി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ - സി) ഫിലിം ജേർണലിസ്റ്റുകൾക്ക് പെൻഷൻ നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

നോർക്ക - റൂട്ട്സിന്റെ തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി

46 (5724) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തു നിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ തൊഴിൽ സംരംഭങ്ങൾ നടത്തുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ തൊഴിൽ സംരംഭങ്ങളാണ് നടത്തുന്നത് ;

(ബി) തൊഴിൽ സംരംഭങ്ങൾക്കായി പ്രവാസികൾക്ക് ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ എത്ര രൂപവരെയാണ് ധനസഹായം ; അതിനുള്ള മാനദണ്ഡം എന്താണ് ;

(സി) തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നവർക്ക് സബ്സിഡി നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) വിദേശത്തുനിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് നോർക്ക-റൂട്ട്സിന്റെ മേൽനോട്ടത്തിൽ തൊഴിൽ സംരംഭങ്ങൾ ഒന്നും നടത്തിവരുന്നില്ല.

(ബി & സി) ബാധകമല്ല.

ഗൾഫ് യാത്രക്കാരുടെ പ്രയാസങ്ങൾ

47 (5725) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗൾഫ് യാത്രക്കാരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നിലവിൽ ഗൾഫിലേക്ക് തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും ആഴ്ചയിൽ 108 ഫ്ളൈറ്റ് മൂവ്മെന്റുണ്ട്. തിരുവനനന്തപുരത്തു നിന്ന് സൗദി അറേബ്യയിലേക്കും തിരിച്ചും നേരിട്ടുള്ള വിമാനസർവ്വീസ് വേണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രവർത്തന സജ്ജമായ പുതിയ രാജ്യാന്തര ടെർമിനൽ പ്രവർത്തനം തുടങ്ങുമ്പോൾ അത് ഗൾഫ് യാത്രക്കാർക്ക് കൂടുതൽ പ്രയോജനപ്രദമാകുന്നതാണ്. കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ രാജ്യാന്തര ഡിപ്പാർച്ചർ, അറൈവൽ ടെർമിനലുകളും അനുബന്ധ സൗകര്യങ്ങളും വികസിപ്പിച്ചതിനാൽ പീക്ക് അവർ പാസഞ്ചർ ഹാന്റ്ലിംഗ് കപ്പാസിറ്റി (എത്തുന്നവരും പുറപ്പെടുന്നവരും) 1200 വീതമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. കൂടാതെ ആവശ്യത്തിനുള്ള ജീവനക്കാരെ നിയമച്ചതിനു പുറമെ യാത്രക്കാർക്കാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ കൂടുതൽ വിമാനക്കമ്പനികളോട് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും ഫ്ളൈറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഇവിടെ ബന്ധപ്പെട്ട എല്ലാ ഫ്ളൈറ്റ് ഏജൻസികളേയും ഏകോപിപ്പിച്ച് ഗൾഫ് ഫ്ളൈറ്റുകളേയും ഗൾഫ് യാത്രക്കാരേയും തടസ്സമില്ലാതെ കൈകാര്യം ചെയ്തു വരുന്നു. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും ഗൾഫിലേക്ക് ആഴ്ചയിൽ 109 ഫ്ളൈറ്റുകളുണ്ട്. ഇവിടെ യാത്രക്കാരുടെ കസ്റ്റംസ് പരിശോധന ത്വരിതപ്പെടുത്താനുള്ള സംവിധാനം വിപുലീകരിച്ചതിനാൽ യാത്രക്കാർക്ക് ബാഗേജ് തിരിച്ചു നൽകുന്ന സമ്പ്രദായത്തിന് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ 1000 യാത്രക്കാർക്ക് ഉതകുന്നതരത്തിൽ പുതിയ അറൈവൽ ഹാളിന്റെ നിർമ്മാണം ഉദ്ദേശിക്കുന്നുണ്ട്.

ഗൾഫ് യാത്രക്കാരുടെ എമിഗ്രേഷൻ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി, കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലെ എമിഗ്രേഷൻ ജീവനക്കാരുടെ എണ്ണം ആവശ്യാനുസരണം വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം, കരിപ്പൂർ വിമാനത്താവളത്തിലെ എമിഗ്രേഷൻ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പ്രവാസി ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനകൾ

48 (5726) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന എത്ര സംഘടനകൾ ഉണ്ടെന്ന് സർക്കാർ വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ ; ഇല്ലെങ്കിൽ വിവരശേഖരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ;